"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പുതുക്കിയ വിശദ നഗരാസൂത്രണ പദ്ധതിയായ 'ഡി.ടി.പി. സ്കീം ഫോർ ബിഗ് ബസാർ സ്കീം നമ്പർ 2 വാർഡ് 7 (പാർട്ട്), വാർഡ് 9 കോഴിക്കോട് നഗരസഭ'-യ്ക്ക് അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/LSGD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. G.O.(Ms.) No.109/2022/LSGD, തീയതി 21.05.2022.
2. കോഴിക്കോട് നഗരസഭ കൗൺസിലിന്റെ 12-08-2019-ലെ തീരുമാനം നം.117
3. കോഴിക്കോട് നഗരസഭ കൗൺസിലിന്റെ 12/08/2022 -ലെ തീരുമാനം നം.87
4. 01/07/2024-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.2099, വാല്യം.13
5. 22/07/2024-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.2372, വാല്യം.13
6. കോഴിക്കോട് നഗരസഭ കൗൺസിലിന്റെ 30/12/2024-ലെ തീരുമാനം. 1
7. കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ 30/08/2025-ലെ 4201354-2025 നമ്പർ കത്ത്.
8. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് )-ടെ 23/10/2025 -ലെ LSGD/PD/16627/2025-TCPB4 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ നിലവിലുണ്ടായിരുന്ന അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ 'ഡി.ടി.പി. സ്കീം ഫോർ ബിഗ് ബസാർ സ്കീം നമ്പർ 2 വാർഡ് 7 (പാർട്ട്), വാർഡ് 9, കോഴിക്കോട് നഗരസഭ' പുതുക്കി തയ്യാറാക്കുന്നതിന് പരാമർശം-1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതിൻ പ്രകാരം പ്രസ്തുത വിശദ നഗരാസൂത്രണ പദ്ധതി കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016 സെക്ഷൻ 50 പ്രകാരം പുതുക്കി തയ്യാറാക്കുന്നതിന് കോഴിക്കോട് നഗരസഭ കൗൺസിൽ പരാമർശം- (2) & (3) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം, കേരള നഗര-

ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ 4(1) പ്രകാരം, ഡി.ടി.പി. സ്കീം പുതുക്കി തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിൽ ഫാറം-1- ൽ പരാമർശം-4 പ്രകാരം വിജ്ഞാപനം ചെയ്യുകയും, ദിനപത്രത്തിലും ഔദ്യോഗിക നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

**2.** പുതുക്കിയ കരട് വിശദ നഗരാസൂത്രണ പദ്ധതി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46 ഉപവകുപ്പ് 2 പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരവും ഔദ്യോഗിക വെബ്സൈറ്റിലും ചട്ടം 8(2) പ്രകാരമുള്ള ഫാറം VII, പരാമർശം-5 പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത് പത്രങ്ങളിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

**3.** പ്രസിദ്ധീകരിച്ച പുതുക്കിയ വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് സംബന്ധിച്ച് കോഴിക്കോട് നഗരസഭ അംഗീകരിച്ച ഫാറം VIII പ്രകാരം പൊതുജനങ്ങളിൽ നിന്നും ആക്ഷേപ/അഭിപ്രായങ്ങൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. തുടർന്ന് മറ്റുള്ള ഡി. ടി. പി. സ്കീമുകളുമായി ബന്ധപ്പെട്ട് ലഭിച്ച ആക്ഷേപ നിർദ്ദേശങ്ങൾ പൊതുവായി പരിഗണിച്ച് വിശദമായ പരിശോധന നടത്തി ചില ഭേദഗതികൾ സ്പെഷ്യൽ കമ്മിറ്റി ശിപാർശ ചെയ്യുകയും, ആയതിൽ ചിലതിൽ ഭേദഗതികളോടെ പരാമർശം-6 പ്രകാരം കോഴിക്കോട് നഗരസഭ കൗൺസിൽ കരട് വിശദ നഗരാസൂത്രണ പദ്ധതി അംഗീകരിക്കുകയും മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ അവലോകനത്തിന് ശേഷം ചൂണ്ടിക്കാട്ടിയ ന്യൂനതകൾ കൂടി പരിഹരിച്ച് മാറ്റങ്ങൾ വരുത്തിയ റിപ്പോർട്ട് ഉചിത മാർഗേന പരാമർശം-7 പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**4.** പുതുക്കിയ 'ഡി.ടി.പി. സ്കീം ഫോർ ബിഗ് ബസാർ സ്കീം നമ്പർ 2 വാർഡ് 7 (പാർട്ട്), വാർഡ് 9, കോഴിക്കോട് നഗരസഭ' എന്ന വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46 ഉപവകുപ്പ് (5) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം-8 പ്രകാരം ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ശിപാർശ ചെയ്തിട്ടുണ്ട്.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

**I)** കോഴിക്കോട് നഗരസഭ കൗൺസിൽ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 50 ഉപവകുപ്പ് (2) പ്രകാരം പുതുക്കി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ' ബിഗ് ബസാർ സ്കീം നമ്പർ 2, വാർഡ് 7 (പാർട്ട്) വാർഡ് 9, കോഴിക്കോട് നഗരസഭ' എന്ന വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക്, കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46 ഉപവകുപ്പ് (5) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**II)** കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016- ന്റെ വകുപ്പ് 46 ഉപവകുപ്പ് 6, കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021- ന്റെ ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർ നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്.
സെക്രട്ടറി, കോഴിക്കോട് നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 06-01-2026 14:24:37